# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2460** **18.02.2016** - ൽ മറുപടിക്ക്

## കുടിവെള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നബാർഡിന്റെ ഫണ്ട് വിനിയോഗിച്ച് ചേർത്തല താലൂക്കിലെ വിവിധ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; | (എ) | ചേർത്തല താലൂക്കിൽ നടപ്പിലാക്കിയ ജിക്ക പദ്ധതിയുടെ കീഴിലുള്ള പ്രദേശങ്ങളിൽ ഇനിയും വിതരണ ശൃംഖല ഇട്ടിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുവാൻ വേണ്ടിയാണ് നബാർഡ് ഫണ്ട് വിനിയോഗിച്ചത്. ചേർത്തല താലൂക്കിലെ ബാക്കിയുള്ള വിതരണശൃംഖലയ്ക്കു വേണ്ടി നബാർഡ് ധനസഹായത്തോടെ RIDF XIX -ൽ ഉൾപ്പെടുത്തി 60.554 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നബാർഡ് ഗ്രാമീണ മേഖലയിലാണ് വായ്പ അനുവദിക്കാറുള്ളത്. ജിക്ക ഓഫീസ് നിലനിന്നപ്പോൾ 2012-ൽ പഞ്ചായത്ത് അധികൃതരെ ഉൾപ്പെടുത്തി നടത്തിയ സർവ്വേ അടിസ്ഥാനമാക്കി തന്ന ഡി.പി.ആർ. ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകളിലാണ് ഇപ്പോൾ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. ഇതര സ്കീമുകളിൽ ഉൾപ്പെട്ട ടി സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് സേവിംഗ്സ് ആയി കണക്കാക്കി പുതുതായി നിലവിൽ വന്ന റോഡുകളിൽ സ്ഥാപിക്കുന്നതാണ്. കൂടാതെ റോഡ് കട്ടിംഗ് അനുമതി ലഭിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ റഗുലർ ഡിവിഷന്റെ നിർദ്ദേശപ്രകാരം റൈഡർ ലൈനുകളും ആവശ്യമെങ്കിൽ സ്ഥാപിക്കാവുന്നതാണ്. |
| (ബി) കുടിവെള്ള പൈപ്പ് ലൈൻ ഇല്ലാത്ത എല്ലാ മേഖലകളിലേയ്ക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു പകരം കോൺട്രാക്ടർമാരും സൂപ്പർവൈസർമാരും തങ്ങൾക്ക് താല്പര്യമുള്ള മേഖലകളിലേയ്ക്കുമാത്രം പൈപ്പ് ലൈൻ വലിച്ച് പക്ഷപാതപരമായി പെരുമാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കടക്കരപ്പള്ളി പഞ്ചായത്ത് എട്ടാം വാർഡിലെ കുടിവെള്ളമെത്താത്ത മേഖലകളിൽ ചില ഇടങ്ങളിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കില്ല എന്ന് അറിയിച്ചിട്ടുണ്ടോ, പഞ്ചായത്ത് പ്രസിഡൻറ് ഉൾപ്പെടെ പരാതി പറഞ്ഞിട്ടും അപ്രകാരമുള്ള മേഖലകളെ ഒഴിവാക്കാൻ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കോൺട്രാക്ടർമാരും ശാഠ്യം പിടിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ, | (സി) | ഇല്ല.<br><br>കടക്കരപ്പള്ളി പഞ്ചായത്ത് എട്ടാം വാർഡിൽ ഡി.പി.ആർ. ലിസ്റ്റിൽ 150 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ആവശ്യാനുസരണം, പ്രസ്തുത വാർഡിൽ 399 മീറ്റർ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പൈപ്പുലൈൻ സ്ഥാപിക്കൽ വാർഡിൽ നടന്നു കൊണ്ടിരിക്കുകയാണ്. |
| (ഡി) | ഉദ്യോഗസ്ഥർ ജനവിരുദ്ധമായി പെരുമാറുന്നുവെന്ന് ബോധ്യപ്പെട്ടാൽ പരാതിയുടെ അടിസ്ഥാനത്തിൽ അവർക്കെതിരെ അടിയന്തിരമായി അച്ചടക്ക നടപടി സ്വീകരിക്കുമോ? | (ഡി) | അപ്രകാരം ബോധ്യപ്പെട്ടാൽ ആയതിന്മേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ